## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4955 — 04.07.2012 ലെ മറുപടിയ്ക്ക്

### ശ്രീ. ജോർജ്ജിന് ലഭിച്ച ലോട്ടറി സമ്മാനം

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇടുക്കി, കാഞ്ചിയാർ പി.ഒ., ഇടയപ്പുരയ്ക്കൽ ശ്രീ. ജോർജ്ജ് മാമ്മന്റെ റ്റി. എസ്. 399602 നമ്പർ ലോട്ടറി ടിക്കറ്റിന് ഒരു കോടി രൂപ സമ്മാനാർഹമായി 2011 സെപ്റ്റംബർ മാസം 17-ാം തീയതി പ്രഖ്യാപനം നടത്തിയിരുന്നോ; | (എ) | ഇല്ല<br>17.09.2011 ൽ നടന്ന ഓണം ബമ്പർ (BR.21) നറുക്കെടുപ്പിന്റെ രണ്ടാം സമ്മാനമായ ഒരു കോടി രൂപ **IR-339602** എന്ന നമ്പരിനാണ് ലഭിച്ചതെങ്കിലും **TH 339602** എന്ന് തെറ്റായിട്ടാണ് റിസൾട്ടിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചത്. പിന്നീട് ശരിയായ നമ്പർ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. |
| (ബി) | ശ്രീ. ജോർജ്ജിന് സമ്മാനമായി പ്രഖ്യാപിച്ച ഒരു കോടി രൂപ നല്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (ബി) | ശ്രീ.ജോർജിന് ഒരു കോടി രൂപ സമ്മാനത്തുക പ്രഖ്യാപിച്ചിരുന്നില്ല |
| (സി) | ഒരു കോടി രൂപയ്ക്കു പകരം പത്ത് ലക്ഷം രൂപ സമാശ്വാസ സമ്മാനം നല്കാം എന്ന് പ്രഖ്യാപിച്ചിരുന്നോ ; ടിയാന് ഈ സമ്മാനം നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (സി) | ഇല്ല. 2011 തിരുവോണം ബമ്പറിന്റെ 2-ാം സമ്മാനം തെറ്റായി പ്രഖ്യാപിച്ച ടിക്കറ്റ് ഹാജരാക്കിയ ശ്രീ. ജോർജ്ജ് മാമ്മന് രണ്ടാം സമ്മാനം നല്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ ടിയാൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള മാനസിക വ്യഥ കണക്കിലെടുത്ത് ഇതിന് ഒരു പരി |

| | | | |
|---|---|---|---|
| | | | ഹാരമെന്ന നിലയിൽ ശ്രീ. ജോർജ്ജ് മാമ്മന് 2 ലക്ഷം രൂപ പ്രത്യേക കോമ്പൻ സേഷൻ ആയി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഒരു കോടി രൂപ സമ്മാനാർഹമായി രണ്ടാമത് പ്രഖ്യാപനം നടത്തിയ ടിക്കറ്റ് നമ്പർ വ്യക്തമാക്കാമോ, ഈ ടിക്കറ്റിന്റെ അവകാശി സമ്മാനത്തിനായി എത്തുകയുണ്ടായോ ; | (ഡി) | **IR-339602** എന്ന നമ്പർ ടിക്കറ്റിനാണ് തിരുവോണം ബമ്പറിന്റെ (BR-21) രണ്ടാം സമ്മാനം ലഭിച്ചത്. അവകാശി സമ്മാനത്തുകയ്ക്കായി നാളിതുവരെ ഭാഗ്യക്കുറി വകുപ്പിനെ സമീപിച്ചിട്ടില്ല |
| (ഇ) | സമാശ്വാസ സമ്മാനമായി ശ്രീ. ജോർജ്ജിന് പ്രഖ്യാപിച്ചിരുന്ന പത്തുലക്ഷം രൂപ അടിയന്തിരമായി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ഉത്തരം (സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ